**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2333** **16-03-2022 - ൽ മറുപടിയ്ക്ക്**

**വകുപ്പുകളുടെ ഏകോപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | null<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശ സ്വയംഭരണ വകുപ്പിൽ നിലവിലുള്ള അഞ്ച് വകുപ്പുകൾ കൂട്ടിച്ചേർത്ത് ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് രൂപീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളെന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | (എ) | തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിലുള്ള അഞ്ച് വകുപ്പുകളെ ഏകീകരിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിച്ച് സ.ഉ.(കൈ)106/2020/ത.സ്വ.ഭ.വ. തീയതി, 17/07/2020 പ്രകാരം ഉത്തരവായിരുന്നു. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ ജില്ലാതല ഓഫീസുകളും സംസ്ഥാനതല ഓഫീസുകളും 19/02/2022 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഏകീകൃത വകുപ്പിന്റെ സ്റ്റേറ്റ് സർവ്വീസിന്റേയും സബോർഡിനേറ്റ് സർവ്വീസിന്റേയും കരട് വിശേഷാൽ ചട്ടങ്ങൾ അന്തിമമാക്കുന്നതിനുള്ള നടപടികളും 1994-ലെ കേരള പഞ്ചായത്തിരാജ് ആക്റ്റ്, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ്, 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് എന്നീ ആക്റ്റുകളുടെ ഭേദഗതി വരുത്തി തദ്ദേശസ്വയം ഭരണ പൊതുസർവ്വീസ് ആക്റ്റ് രൂപീകരിക്കുന്നതിനുള്ള നടപടികളും അന്തിമഘട്ടത്തിലാണ്. |
| (ബി) | വ്യത്യസ്ത വകുപ്പുകളുടെ ചട്ടക്കൂടുകൾ സൃഷ്ടിക്കുന്ന തടസ്സങ്ങളെ ഇതിലൂടെ മറികടക്കാൻ കഴിയുമെന്ന് കരുതുന്നുണ്ടോ; ഫയലുകളിൽ തീരുമാനമെടുക്കുന്നതിന് നേരിടുന്ന കാലതാമസം പരിഹരിക്കാൻ വകുപ്പുകൾ ഏകീകരിച്ചതിലൂടെ കഴിയുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | വിവര സാങ്കേതിക വിദ്യയുടേയും ഇ-ഗവേണൻസിന്റെയും സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തി എല്ലാ ഓഫീസുകളിലും ഇ-ഫയലിംഗ് സംവിധാനം ഒരുക്കുന്നതിനും അതിവേഗ ഫയൽ സഞ്ചാരം ഉറപ്പുവരുത്തി പൊതുജനങ്ങളുടെയും ജീവനക്കാരുടെയും ആവശ്യങ്ങൾക്ക് ദ്രുതഗതിയിൽ പരിഹാരം ഉണ്ടാക്കുന്നതിനുമാണ് ഏകീകരണത്തിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. അതുപോലെ ആധുനിക സാങ്കേതിക വിദ്യയുടെ പിൻബലത്തിൽ ഓൺലൈൻ സേവനങ്ങൾ ഉപയോഗപ്പെടുത്തി സമയ ലാഭത്തെക്കുറിച്ചുള്ള അറിവ് ജനങ്ങളിൽ എത്തിക്കുന്നതു വഴി ഓഫീസുകളിലെ തിരക്ക് കുറയ്ക്കുവാനും സേവനങ്ങൾ അതിവേഗം പ്രദാനം ചെയ്യുന്നതിനും കഴിയുന്ന രീതിയൽ ഓഫീസുകളെ |

| | | | |
|---|---|---|---|
| | | | മാറ്റുന്നതിനും സാധിക്കും. സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഓഫീസുകൾ പൂർണ്ണമായും കടലാസ് രഹിതമാക്കുന്നതിനും അതിനുള്ള നേതൃത്വം നൽകുന്നതിനും പുതിയ സംവിധാനം ലക്ഷ്യമിടുന്നു. നിലവിൽ സേവനങ്ങൾ സർക്കാർ ഓഫീസുകളിൽ നിന്നും വിശിഷ്യാ തദ്ദേശസ്ഥാപനങ്ങളിൽ നിന്നും ലഭിക്കാൻ കാലതാമസം നേരിടുന്നുവെന്ന പരാതിയ്ക്ക് പരിഹാരം കാണുന്നതിനും ഓഫീസുകൾക്ക് ജനപക്ഷ മുഖം നൽകുന്നതിനും ഏകീകരണം വഴിയൊരുക്കും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഫയൽ നീക്കം കാര്യക്ഷമമാക്കുന്നതിന് ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം) വികസിപ്പിച്ച സോഫ്റ്റ്‌വെയറാണ് ILGMS (Integrated Local Government Management System). ഒറ്റ ലോഗിനിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുഴുവൻ സേവനങ്ങളും പ്രവർത്തനങ്ങളും കൈകാര്യം ചെയ്യാൻ കഴിയുമെന്നതാണ് ILGMS-ന്റെ സവിശേഷത. ഗ്രാമപഞ്ചായത്തുകളിൽ ടി സോഫ്റ്റ്‌വെയർ പൂർണ്ണമായും വിന്യസിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. നഗരസഭകളിൽ ILGMS-നു സമാനമായി ഫയലുകൾ ഓൺലൈനായി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | ഏകീകൃത വകുപ്പിനനുസരിച്ച് സംസ്ഥാനത്തെ ജില്ലാ ഓഫീസുകൾക്ക് വരുത്തുന്ന മാറ്റം വ്യക്തമാക്കാമോ? | (സി) | നിലവിൽ ഗ്രാമവികസന വകുപ്പ്, പഞ്ചായത്ത് വകുപ്പ്, ഗ്രാമനഗരാസൂത്രണ വകുപ്പ് എന്നിവയ്ക്ക് മാത്രമേ ജില്ലാ തലത്തിൽ ഭരണ നിർവ്വഹണ ഓഫീസുകളുള്ളൂ. മുനിസിപ്പൽ കോമൺ സർവ്വീസ്, എഞ്ചിനീയറിംഗ് വകുപ്പുകളിലെ ജീവനക്കാരുടെ ജീവനക്കാര്യം ആസ്ഥാന ഓഫീസുകളിലാണ് കൈകാര്യം ചെയ്തു വരുന്നത്. അഞ്ച് വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ടുള്ള ഏകീകൃത തദ്ദേശസ്വയം ഭരണ വകുപ്പിന്റെ ജില്ലാ ഓഫീസ് എന്നത് ഒരു പുതിയ സംവിധാനമായാണ് സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത്. സ.ഉ.(കൈ)106/2020/ ത.സ്വ.ഭ.വ. തീയതി, 17/07/2020 ഉത്തരവ് പ്രകാരം ഏകീകൃത വകുപ്പിന്റെ ജില്ലാ മേധാവി ജോയിന്റ് ഡയറക്ടർ ആണ്. ഇപ്പോൾ ആസ്ഥാന ഓഫീസുകളിൽ നിന്നും ലഭ്യമാകുന്ന പല സേവനങ്ങളും ജില്ലാ ഓഫീസുകളിൽ നിന്ന് ലഭ്യമാകും. അതുവഴി സമയം, അദ്ധ്വാനം എന്നിവ ലാഭിക്കാനാവും. എല്ലാ ജില്ലകളിലും ജോയിന്റ് ഡയറക്ടറുടെ കാര്യാലയം ഉണ്ടായിരിക്കും. ജില്ലാ തലത്തിൽ ഏകീകൃത സംവിധാനം നിലവിൽ വരുന്നതോടുകൂടി ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങളെ അവരുടെ പ്രവർത്തനങ്ങളിൽ കൂടുതൽ സഹായിക്കാനാകും. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ |

| | | | |
|---|---|---|---|
| | | | ജില്ലയിലെ ഏകോപനത്തിൽ ഭരണപരവും നയപരവുമായ കാര്യങ്ങളിൽ നേതൃസ്ഥാനം വഹിക്കേണ്ടതും ജില്ലാ മേധാവിയായ ജോയിന്റ് ഡയറക്ടറാണ്. ജില്ലയ്ക്കകത്തുള്ള തദ്ദേശസ്ഥാപനങ്ങൾ തമ്മിൽ വിവിധ കാര്യങ്ങളിലുള്ള ഏകോപനം സാധ്യമാക്കുന്നതിൽ ജോയിന്റ് ഡയറക്ടർക്ക് നിർണ്ണായക സ്വാധീനം ചെലുത്താനാകും. അത് ഫലപ്രദമായ പദ്ധതി നിർവ്വഹണത്തിലും ജനക്ഷേമ പ്രവർത്തനങ്ങൾക്കും മുതൽക്കൂട്ടാവുന്നതാണ്. ജില്ലാ തലത്തിൽ നിയമിക്കപ്പെടുന്നവരുടെ ജീവനക്കാര്യം, പദ്ധതി പ്രവർത്തനങ്ങളുടെ രൂപീകരണം, ഏകോപനം, നിർവ്വഹണം, മേൽനോട്ടം, അവലോകനം എന്നിവയുടെ ചുമതലയും ജില്ലാ മേധാവിയായ ജോയിന്റ് ഡയറക്ടർക്കാണ്. ഓരോ ജില്ലയിലെയും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ എണ്ണം വ്യത്യസ്തമാണ്. അതനുസരിച്ച് ജില്ലയിലെ ആകെ ജീവനക്കാരുടെ എണ്ണം, ജനപ്രതിനിധികളുടെ എണ്ണം, തദ്ദേശസ്ഥാപനങ്ങൾക്ക് ലഭിക്കുന്ന തുക ഇവയെല്ലാം വ്യത്യസ്തമാണ്. അതിനാൽ ഓരോ ജില്ലകളിലേയും സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും എണ്ണത്തിന് അനുസൃതമായി ജില്ലകളെ മൂന്നു വിഭാഗങ്ങളായി തിരിച്ച് അതിനനുസരിച്ചുള്ള ജില്ലാ ഓഫീസുകളാണ് നിലവിൽ ക്രമീകരിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ